# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4638 — 26.10.2016-ൽ മറുപടിയ്ക്ക്

## ആദിവാസിക്ഷേമത്തിന് വനം വകുപ്പ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ.ബഷീർ**<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, ഡോ.എം. കെ. മുനീർ<br>,, **ശ്രീ.എം.ഉമ്മർ** | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |

എ) **ആദിവാസികളുടെ ക്ഷേമം ലക്ഷ്യമിട്ട് നടപ്പാക്കുന്ന തേനീച്ച വളർത്തൽ, ഔഷധസസ്യ കൃഷി എന്നിവ ഏതൊക്കെ മേഖലകളിൽ നടപ്പാക്കാനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

എ) 8 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ് തേനീച്ച വളർത്തൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

ആ കേന്ദ്രങ്ങൾ താഴെ പറയുന്നു.

| ക്രമനമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | സൗത്ത് വയനാട് | കാരിമല |
| 2 | നോർത്ത് വയനാട് | ചുരുളി |
| 3 | മണ്ണാർക്കാട് | സിംഗപ്പാറ, ഇടവാണി |
| 4 | തൃശ്ശൂർ | താമരവെള്ളച്ചാൽ |
| 5 | വാഴച്ചാൽ | പൊകലപ്പാറ |
| 6 | കോട്ടയം | കോഴിമല, മുരിക്കാട്ട് കുടി |
| 7 | അച്ചൻകോവിൽ | ഗിരിജൻ കോളനി |
| 8 | കോന്നി | ഗിരിജൻ കോളനി |

ഔഷധ സസ്യകൃഷി നടത്താനുദ്ദേശിക്കുന്നത് 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ്.

ആ കേന്ദ്രങ്ങൾ താഴെ പറയുന്നു.

| ക്രമനമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | കണ്ണൂർ | ചിക്കേരി ബീറ്റ്-5 |
| 2 | തിരുവനന്തപുരം | ഒറ്റടപ്പ പാറ |
| 3 | തിരുവനന്തപുരം വന്യജീവി ഡിവിഷൻ | മൊളമുട |

| | | |
|---|---|---|
| 4 | തെന്മല | പേരംകോവിൽ |
| 5 | പീച്ചി വന്യജീവി ഡിവിഷൻ | താമരവെള്ളച്ചാൽ |
| 6 | മലയാറ്റൂർ | അടിച്ചിൽ കൊട്ടി |
| 7 | മൂന്നാർ | നെല്ലിപെട്ടിക്കുടി. പ്ളാമല |
| 8 | പാലക്കാട് | ചാവടിപ്പാറ |
| 9 | വയനാട് നോർത്ത് | ചുരുളി |

ബി) **ഇതിനായി ഇവർക്ക് വനം വകുപ്പ് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ;**

ബി) വനം വകുപ്പ് കേരളാ ഹോർട്ടി കൾച്ചർ മിഷനുമായി സഹകരിച്ചാണ് തേനീച്ച വളർത്തൽ പദ്ധതി നടപ്പാക്കുന്നത്. ഇതിലേയ്ക്കാവശ്യമായ തേനീച്ചക്കൂട്ടുകൾ സ്ഥാപിക്കുന്നതും, ട്രെയിനിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക സഹായം നൽകുന്നതും കേരളാ ഹോർട്ടികൾച്ചർ മിഷൻ ആണ്. ഔഷധ സസ്യ കൃഷി നടപ്പിലാക്കുന്നത് വനം വകുപ്പ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡും , നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റ്സുമായി സഹകരിച്ചാണ്.

സി) **ഉല്പന്ന വിപണനത്തിന് എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?**

സി) തേൻ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ വഴി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഔഷധ സസ്യങ്ങൾ സർക്കാർ സ്ഥാപനമായ ഔഷധിയ്ക്കും വിൽപ്പന നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ